**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5916** **16-03-2023 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിക്കാരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സെറിബ്രൽ പാൾസി, ഓട്ടിസം, മാനസിക വെല്ലുവിളി, ബഹുവൈകല്യം എന്നീ അവസ്ഥകളാൽ ദുരിതമനുഭവിക്കുന്ന 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് മെഡിക്കൽ ബോർഡുകൾ പൊതുവേ താൽക്കാലിക ഡിസബിലിറ്റി സർട്ടിഫിക്കറ്റുകളാണ് നൽകുന്നത് എന്നിരിക്കെ പഞ്ചായത്ത് ഡയറക്ടറുടെ 01.11.2022ലെ പി.എ.എൻ./15050/2019-ഡി.ബി.റ്റി.1(ഡി.പി.) എന്ന കത്തിലുള്ള നിർദ്ദേശത്തെ തുടർന്ന് ഇവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ (വികലാംഗ പെൻഷൻ) നഷ്ടപ്പെടുന്ന അവസ്ഥ ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇത്തരം പരാതികൾ ശ്രദ്ധയിൽ വന്നിട്ടുണ്ട്. |
| (ബി) | മേൽ പറഞ്ഞിട്ടുള്ള രോഗാവസ്ഥകൾക്ക് 18 വയസ്സിന് ശേഷം മാത്രമാണ് മെഡിക്കൽ ബോർഡുകൾ പെർമനന്റ് ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നത് എന്നത് കണക്കിലെടുത്ത് പഞ്ചായത്ത് ഡയറക്ടറുടെ മേൽപ്പറഞ്ഞ നിർദ്ദേശത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തി പുതിയ നിർദ്ദേശം നൽകുന്നതിന് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കാമോ; | (ബി) | പെർമനന്റ് ഡിസെബിലിറ്റി സർട്ടിഫിക്കറ്റുള്ളവരാണ് വികലാംഗ പെൻഷന് അർഹരാകുന്നത് എന്ന ധനകാര്യ വകുപ്പിന്റെ നിർദ്ദേശ പ്രകാരമാണ് പഞ്ചായത്ത് ഡയറക്ടർ ഇപ്രകാരമൊരു നിർദ്ദേശം പുറപ്പെടുവിച്ചത്. ഭിന്നശേഷി അവകാശ നിയമം 2016, സെക്ഷൻ 2(s) പ്രകാരം *"person with disability" means a person with long term physical, mental, intellectual or sensory impairment which, in interaction with barriers, hinders his full and effective participation in society equally with others;* എന്നാണ് നിർവ്വചിച്ചിരിക്കുന്നത്<br><br>ചില തരം വൈകല്യങ്ങൾ ഉള്ളവർക്കും ചില തരം വൈകല്യങ്ങൾ ഉള്ള കുട്ടികൾക്കും ഇത്തരം പെൻഷൻ ആനുകൂല്യം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടതിനാലും ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറുടെ നിർദ്ദേശം അടിസ്ഥാനമാക്കിയും ധനകാര്യ വകുപ്പ് ഇക്കാര്യത്തിൽ വ്യക്തത വരുത്തിക്കൊണ്ട്, ഒരു പ്രത്യേക കാലയളവ് രേഖപ്പെടുത്തി ടി കാലയളവിലേക്ക് മാത്രം സാധുതയുള്ള തരം |

| | | | |
|---|---|---|---|
| | | | ഭിന്നശേഷി സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം ടി കാലയളവിലേക്ക് ഭിന്നശേഷി പെൻഷൻ ലഭിക്കുന്നതാണെന്ന് നിർദ്ദേശം നൽകി 13.03.2023-ലെ നം.26/2023/ധന. നമ്പർ സർക്കുലർ പുറപ്പെടുവിച്ചു (സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.) പ്രസ്തുത സർക്കുലറിന്റെ വെളിച്ചത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശം അപ്രസക്തമായിത്തീർന്നു.<br><br>ഭിന്നശേഷിക്കാരുടെ അവകാശ ചട്ടങ്ങൾ 2017, ചട്ടം 18 - മെഡിക്കൽ അധികാരി ഭിന്നശേഷി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ചാണ്. അതുകൊണ്ടു തന്നെ പഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശം ഈ ചട്ടത്തിനു വിരുദ്ധമല്ല. ചട്ടം 19ൽ , ചട്ടം 18 പ്രകാരം ലഭിക്കുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഇളവുകൾക്കും ആനുകൂല്യങ്ങൾക്കും അപേക്ഷിക്കാൻ അർഹതയുണ്ട് എന്നാണ് വിവക്ഷിക്കുന്നത്. അപേക്ഷപ്രകാരമുള്ള ആനുകൂല്യത്തിന്റെ അർഹത പരിശോധിക്കുന്നത് ബന്ധപ്പെട്ട യോഗ്യതാ മാനദണ്ഡങ്ങൾക്കും നിയമങ്ങൾക്കും വിധേയമായാണ്. അതിനാൽ ഡയറക്ടറുടെ നിർദ്ദേശം ഈ ചട്ടത്തിനു വിരുദ്ധമാണെന്ന് കരുതാനാകില്ല. |
| (സി) | കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഭിന്നശേഷിക്കാരുടെ അവകാശ ചട്ടങ്ങൾ 2017 ലെ ചട്ടം 18, 19 എന്നിവ അനുസരിച്ച് പഞ്ചായത്ത് ഡയറക്ടറുടെ മേൽപരാമർശിത നിർദ്ദേശം ചട്ടവിരുദ്ധമല്ലേ എന്നത് പരിശോധിച്ച് മറുപടി നൽകാമോ? | (സി) | പെർമനന്റ് ഡിസെബിലിറ്റി സർട്ടിഫിക്കറ്റുള്ളവരാണ് വികലാംഗ പെൻഷന് അർഹരാകുന്നത് എന്ന ധനകാര്യ വകുപ്പിന്റെ നിർദ്ദേശ പ്രകാരമാണ് പഞ്ചായത്ത് ഡയറക്ടർ ഇപ്രകാരമൊരു നിർദ്ദേശം പുറപ്പെടുവിച്ചത്. ഭിന്നശേഷി അവകാശ നിയമം 2016, സെക്ഷൻ 2(s) പ്രകാരം *“person with disability” means a person with long term physical, mental, intellectual or sensory impairment which, in interaction with barriers, hinders his full and effective participation in society equally with others;* എന്നാണ് നിർവ്വചിച്ചിരിക്കുന്നത്<br><br>ചില തരം വൈകല്യങ്ങൾ ഉള്ളവർക്കും ചില തരം വൈകല്യങ്ങൾ ഉള്ള കുട്ടികൾക്കും ഇത്തരം പെൻഷൻ ആനുകൂല്യം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടതിനാലും ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറുടെ നിർദ്ദേശം അടിസ്ഥാനമാക്കിയും ധനകാര്യ വകുപ്പ് ഇക്കാര്യത്തിൽ വ്യക്തത വരുത്തിക്കൊണ്ട്, ഒരു പ്രത്യേക കാലയളവ് രേഖപ്പെടുത്തി ടി കാലയളവിലേക്ക് മാത്രം സാധുതയുള്ള തരം ഭിന്നശേഷി സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം ടി |

| | | | |
|---|---|---|---|
| | | | കാലയളവിലേക്ക് ഭിന്നശേഷി പെൻഷൻ ലഭിക്കുന്നതാണെന്ന് നിർദ്ദേശം നൽകി 13.03.2023-ലെ നം.26/2023/ധന. നമ്പർ സർക്കുലർ പുറപ്പെടുവിച്ചു (സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.) പ്രസ്തുത സർക്കുലറിന്റെ വെളിച്ചത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശം അപ്രസക്തമായിത്തീർന്നു.<br><br>ഭിന്നശേഷിക്കാരുടെ അവകാശ ചട്ടങ്ങൾ 2017, ചട്ടം 18 - മെഡിക്കൽ അധികാരി ഭിന്നശേഷി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ചാണ്. അതുകൊണ്ടു തന്നെ പഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശം ഈ ചട്ടത്തിനു വിരുദ്ധമല്ല. ചട്ടം 19ൽ , ചട്ടം 18 പ്രകാരം ലഭിക്കുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഇളവുകൾക്കും ആനുകൂല്യങ്ങൾക്കും അപേക്ഷിക്കാൻ അർഹതയുണ്ട് എന്നാണ് വിവക്ഷിക്കുന്നത്. അപേക്ഷപ്രകാരമുള്ള ആനുകൂല്യത്തിന്റെ അർഹത പരിശോധിക്കുന്നത് ബന്ധപ്പെട്ട യോഗ്യതാ മാനദണ്ഡങ്ങൾക്കും നിയമങ്ങൾക്കും വിധേയമായാണ്. അതിനാൽ ഡയറക്ടറുടെ നിർദ്ദേശം ഈ ചട്ടത്തിനു വിരുദ്ധമാണെന്ന് കരുതാനാകില്ല. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

ധനകാര്യ (എസ്.എഫ്.സി-ബി) വകുപ്പ്

സർക്കുലർ നം.26/2023/ധന. തിരുവനന്തപുരം, തീയതി: 13.03.2023

**സർക്കുലർ**

വിഷയം - ധനകാര്യ വകുപ്പ് - താൽക്കാലിക വൈകല്യം എന്ന രേഖപ്പെടുത്തിയ ഭിന്നശേഷി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുനത് - സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന- ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 23.02.2023 -ലെ എം.എച്ച്1/2478/2023/ഡി.എച്ച്.എസ് നമ്പർ കത്ത്

പതിനെട്ട് വയസ്സിൽ താഴെയുള്ളവർക്ക് ആരോഗ്യ വകുപ്പിൽ നിന്നും അനുവദിച്ച് നൽകുന്ന താൽക്കാലിക വൈകല്യം (temporary disability) എന്ന രേഖപ്പെടുത്തിയ ഭിന്നശേഷി സർട്ടിഫിക്കറ്റ് പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിക്കുകയുണ്ടായി.

2. ശാരീരിക - മാനസിക വെല്ലുവിളി നേരിടുന്ന പതിനെട്ട് വയസ്സിൽ താഴെയുള്ളവർക്ക് ഇടവേളകളിൽ ഭിന്നശേഷി വിലയിരുത്തൽ ആവശ്യമെന്ന് സൂചിപ്പിച്ച് 'താൽക്കാലിക വൈകല്യം' എന്ന് രേഖപ്പെടുത്തിയ ഭിന്നശേഷി സർട്ടിഫിക്കറ്റ് ലഭിച്ചവർക്ക് ക്ഷേമ പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച് സൂചന പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിലുള്ള ഭിന്നശേഷിയിൽ മാറ്റങ്ങൾ ഉണ്ടാകാമെന്ന് മെഡിക്കൽ ബോർഡ് പരിശോധനയിൽ കണ്ടെത്തുന്ന ഭിന്നശേഷിക്കാർക്ക്, ഒരു പ്രത്യേക കാലയളവ് രേഖപ്പെടുത്തി ടി കാലയളവിലേക്ക് മാത്രം സാധുതയുള്ള തരം ഭിന്നശേഷി സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം ടി കാലയളവിലേക്ക് ഭിന്നശേഷി പെൻഷൻ ലഭിക്കുന്നതാണ്. മെഡിക്കൽ ബോർഡിന് മുമ്പാകെ ഭിന്നശേഷി പുനഃപരിശോധനയ്ക്ക് വിധേയമായ ശേഷം അനുവദിക്കുന്ന

ഭിന്നശേഷി സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ ടി കാലയളവിന് ശേഷം, പെൻഷൻ തുടർന്നു ലഭിക്കുകയുള്ളൂ. ഏത് തരം ഭിന്നശേഷിക്കാർക്കും, അർഹതാമാനദണ്ഡങ്ങൾക്ക് വിധേയമായി, അവരുടെ ഭിന്നശേഷി സർട്ടിഫിക്കറ്റിന് സാധുതയുള്ള കാലയളവിലേക്ക് ഭിന്നശേഷി പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. സ്ഥിരം വൈകല്യം എന്ന് രേഖപ്പെടുത്തിയവർക്ക് Unique Disability ID Card ലഭിക്കുന്ന പക്ഷം നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം ഭിന്നശേഷി പെൻഷൻ തുടർന്നും ലഭ്യമാകുന്നതാണെന്നും നിർദ്ദേശം പുറപ്പെടുവിക്കുന്നു.

4. ഭിന്നശേഷി സർട്ടിഫിക്കറ്റുകളിൽ വൈകല്യത്തിന്റെ കാലാവധി, താൽക്കാലികം / സ്ഥിരം എന്നിവ സംബന്ധിച്ച് കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുവെന്ന് ബന്ധപ്പെട്ട ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്.

5. "സേവന" സോഫ്റ്റ്‌വെയറിൽ ആവശ്യമായ സജ്ജീകരണങ്ങൾ ഉൾപ്പെടുത്തുവാൻ ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**പ്രതീപ് കുമാർ.ബി**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ആഡിറ്റ് II), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).
എല്ലാ മുൻസിപ്പാലിറ്റി/ മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽഫയൽ/ഓഫീസ് പകർപ്പ് (നം .2298654/എസ്എഫ്സി-ബി1/23/ധന).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

ധനകാര്യ (എസ്.എഫ്.സി-ബി) വകുപ്പ്

സർക്കുലർ നം.26/2023/ധന. തിരുവനന്തപുരം, തീയതി: 13.03.2023

**സർക്കുലർ**

വിഷയം – ധനകാര്യ വകുപ്പ് – താൽക്കാലിക വൈകല്യം എന്ന രേഖപ്പെടുത്തിയ ഭിന്നശേഷി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുനത് – സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന– ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 23.02.2023 –ലെ എം.എച്ച്1/2478/2023/ഡി.എച്ച്.എസ് നമ്പർ കത്ത്

പതിനെട്ട് വയസ്സിൽ താഴെയുള്ളവർക്ക് ആരോഗ്യ വകുപ്പിൽ നിന്നും അനുവദിച്ച് നൽകുന്ന താൽക്കാലിക വൈകല്യം (temporary disability) എന്ന രേഖപ്പെടുത്തിയ ഭിന്നശേഷി സർട്ടിഫിക്കറ്റ് പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിക്കുകയുണ്ടായി.

2. ശാരീരിക – മാനസിക വെല്ലുവിളി നേരിടുന്ന പതിനെട്ട് വയസ്സിൽ താഴെയുള്ളവർക്ക് ഇടവേളകളിൽ ഭിന്നശേഷി വിലയിരുത്തൽ ആവശ്യമെന്ന് സൂചിപ്പിച്ച് 'താൽക്കാലിക വൈകല്യം' എന്ന് രേഖപ്പെടുത്തിയ ഭിന്നശേഷി സർട്ടിഫിക്കറ്റ് ലഭിച്ചവർക്ക് ക്ഷേമ പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച് സൂചന പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിലുള്ള ഭിന്നശേഷിയിൽ മാറ്റങ്ങൾ ഉണ്ടാകാമെന്ന് മെഡിക്കൽ ബോർഡ് പരിശോധനയിൽ കണ്ടെത്തുന്ന ഭിന്നശേഷിക്കാർക്ക്, ഒരു പ്രത്യേക കാലയളവ് രേഖപ്പെടുത്തി ടി കാലയളവിലേക്ക് മാത്രം സാധുതയുള്ള തരം ഭിന്നശേഷി സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം ടി കാലയളവിലേക്ക് ഭിന്നശേഷി പെൻഷൻ ലഭിക്കുന്നതാണ്. മെഡിക്കൽ ബോർഡിന് മുമ്പാകെ ഭിന്നശേഷി പുനഃപരിശോധനയ്ക്ക് വിധേയമായ ശേഷം അനുവദിക്കുന്ന

ഭിന്നശേഷി സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ ടി കാലയളവിന് ശേഷം, പെൻഷൻ തുടർന്നു ലഭിക്കുകയുള്ളൂ. ഏത് തരം ഭിന്നശേഷിക്കാർക്കും, അർഹതാമാനദണ്ഡങ്ങൾക്ക് വിധേയമായി, അവരുടെ ഭിന്നശേഷി സർട്ടിഫിക്കറ്റിന് സാധുതയുള്ള കാലയളവിലേക്ക് ഭിന്നശേഷി പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. സ്ഥിരം വൈകല്യം എന്ന് രേഖപ്പെടുത്തിയവർക്ക് Unique Disability ID Card ലഭിക്കുന്ന പക്ഷം നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം ഭിന്നശേഷി പെൻഷൻ തുടർന്നും ലഭ്യമാകുന്നതാണെന്നും നിർദ്ദേശം പുറപ്പെടുവിക്കുന്നു.

4. ഭിന്നശേഷി സർട്ടിഫിക്കറ്റുകളിൽ വൈകല്യത്തിന്റെ കാലാവധി, താൽക്കാലികം / സ്ഥിരം എന്നിവ സംബന്ധിച്ച് കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുവെന്ന് ബന്ധപ്പെട്ട ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്.

5. "സേവന" സോഫ്റ്റ്‌വെയറിൽ ആവശ്യമായ സജ്ജീകരണങ്ങൾ ഉൾപ്പെടുത്തുവാൻ ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**പ്രദീപ് കുമാർ.ബി**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ആഡിറ്റ് II), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).
എല്ലാ മുൻസിപ്പാലിറ്റി/ മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽഫയൽ/ഓഫീസ് പകർപ്പ് (നം .2298654/എസ്എഫ്സി-ബി1/23/ധന).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ